**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2060** **09-02-2023 - ൽ മറുപടിയ്ക്ക്**

**ഗുണ്ടാ ആക്രമണങ്ങൾക്കെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മംഗലപുരം പോലീസ് സ്റ്റേഷന് നേരെ ബോംബെറിഞ്ഞ കേസിൽ ഒളിവിൽ കഴിഞ്ഞിരുന്ന പ്രതികൾ മുഖ്യമന്ത്രിയുടെ സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറിയുടെ അനുജനെ മർദ്ദിച്ച് കിണറ്റിൽ തള്ളിയിട്ട് കൊലപ്പെടുത്താൻ ശ്രമിച്ചുവെന്ന സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. ഇത് സംബന്ധിച്ച് ആര്യനാട് പോലീസ് സ്റ്റേഷൻ ക്രൈം നം.48/2023 u/s 447, 341, 294(b), 323, 324, 307 & 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും കേസിലെ എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ് |
| (ബി) | പ്രസ്തുത സംഭവത്തിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്നും എല്ലാ പ്രതികളെയും പിടികൂടാൻ സാധിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ; | (ബി) | (എ)യിൽ ചേർത്തിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് ഗുണ്ടകളെ നിയമത്തിനു മുൻപിൽ കൊണ്ടുവരാനും ഗുണ്ടാ ആക്രമണങ്ങൾ കുറയ്ക്കാനും സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | ഉണ്ട്.സംസ്ഥാനത്ത് ഗുണ്ടകളെയും സാമൂഹ്യ വിരുദ്ധപ്രവർത്തനങ്ങൾ നടത്തുന്നവരെയും സ്ഥിരം കുറ്റവാളികളെയും ലഹരിമാഫിയ സംഘങ്ങളെയും അമർച്ച ചെയ്യുന്നതിനായി "ഓപ്പറേഷൻ ആഗ്" (Accelarated Action against Anti Socials and Goondas) എന്ന പേരിലുള്ള പ്രത്യേക ഡ്രൈവ് ആരംഭിച്ചു. സംസ്ഥാനത്ത് 08.02.2023 വരെ 4085 സ്പെഷ്യൽ ഡ്രൈവുകൾ നടത്തുകയുണ്ടായി. രജിസ്റ്റർ ചെയ്ത 2030 കേസുകളിലായി 2172 പേർ അറസ്റ്റിലായിട്ടുണ്ട്. ഇതിനു പുറമെ വിവിധ കേസുകളിൽ വാറണ്ടുകൾ നിലനില്ക്കുന്ന 900 പ്രതികളെ അറസ്റ്റ് ചെയ്തു. ഈ നടപടി തുടരുവാൻ സംസ്ഥാന പോലീസ് മേധാവി കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ഗുണ്ടകൾ, മയക്കു മരുന്ന് സംഘങ്ങൾ തുടങ്ങിയവരുടെ സംഘടിത പ്രവർത്തനങ്ങൾ ഉന്മൂലനം ചെയ്യുന്നതിനായി 16.12.2021-ലെ സംസ്ഥാന പോലീസ് മേധാവിയുടെ സർക്കുലർ നം.34/2021/PHQ ഉത്തരവ് പ്രകാരം എല്ലാ പോലീസ് ജില്ലകളിലെയും പോലീസ് മോധാവിമാരുടെ മേൽനോട്ടത്തിൽ Special Action |

Group against organised Crimes (SAGOC) രൂപീകരിച്ചിട്ടുണ്ട്. ജില്ലാ നാർക്കോട്ടിക് സെൽ DySP/ACP-യുടെ നേതൃത്വത്തിൽ 2 സബ് ഇൻസ്പെക്ടർമാരും കുറഞ്ഞത് 10 പോലീസ് ഉദ്യോഗസ്ഥരും പ്രസ്തുത SAGOC-യിൽ അംഗങ്ങൾ ആണ്. അതാത് ജില്ലകളിലെ സ്ഥിരം കുറ്റവാളികളെയും അവരുടെ പണമിടപാടുകളും മറ്റ് പ്രവർത്തനങ്ങളും നിരീക്ഷിക്കുകയും വേണ്ട സമയത്ത് കൃത്യമായ ഇടപെടലുകൾ നടത്തുകയുമാണ് പ്രസ്തുതSAGOC-യുടെ ഉദ്ദേശ്യ ലക്ഷ്യം. പ്രസ്തുത ഉത്തരവ് പ്രകാരം ഓരോ പോലീസ് സ്റ്റേഷനുകളിലും Anti Organised Crime Cell (AOCC) ആരംഭിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്റ്റേഷൻ ഹൗസ് ഓഫീസറുടെ നേതൃത്വത്തിൽ 2 പോലീസ് ഉദ്യോഗസ്ഥർ ഉൾക്കൊള്ളുന്ന പ്രസ്തുത AOCC അതാത് സ്റ്റേഷൻ പരിധിയിലെ ഗുണ്ടകളെയും അവരുടെ പ്രവർത്തനങ്ങളെയും സസൂക്ഷ്മം നിരീക്ഷിക്കുയും ആവശ്യമായ നിയമനടപടികൾ കുറ്റവാളികൾക്കെതിരെ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാരും അവരവരുടെ സ്റ്റേഷൻ പരിധിയിൽ നടക്കുന്ന നിയമ വിരുദ്ധ പ്രവർത്തനങ്ങളെ ഇല്ലാതാക്കുന്നതിന് സദാ ജാഗരൂകരായിരിക്കുവാനും കൃത്യമായ പട്രോളിംഗ് നടത്തുവാനും ആവശ്യമായ മേൽ നടപടികൾ സ്വീകരിക്കുവാനും പ്രസ്തുത ഉത്തരവിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഗുണ്ടാ നിയമപ്രകാരം കുറ്റവാളികൾക്കെതിരെ കാര്യക്ഷമമായി നടപടി സ്വീകരിക്കുന്നതിനായി 15.12.2021-ലെ സംസ്ഥാന പോലീസ് മേധാവിയുടെ നം.ഡി3/31443/2021/PHQ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് ഗുണ്ടകളെയും സാമൂഹ്യ വിരുദ്ധരേയും അമർച്ച ചെയ്യുന്നതിനും അവർക്കെതിരെ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നതിനുമായി ഓപ്പറേഷൻ കാവൽ എന്ന പേരിൽ ഒരു പദ്ധതി എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. ഇതുപ്രകാരം ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലും ഗുണ്ടകളുടെയും മയക്കുമരുന്ന് വിൽപ്പന സംഘങ്ങളുടെയും പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്നവരെ കണ്ടെത്തി സമയബന്ധിതമായി അവർക്കെതിരെ കാപ്പാ നിയമം,PIT NDPS എന്നീ നിയമങ്ങളിലെ കരുതൽ നടപടികളും മറ്റ് നിയമ നടപടികളും സ്വികരിച്ചു വരുന്നു.ക്രിമിനൽ പശ്ചാത്തലമുള്ളവരുടെ ഡാറ്റാബേസ്, ജില്ലാതലത്തിൽ തയ്യാറാക്കി

| | | | |
|---|---|---|---|
| | | | ആവശ്യമാണെന്ന് കാണുന്നവരെ അറസ്റ്റ് ചെയ്ത് KAA(P)A,PIT NDPS എന്നീ നിയമ പ്രകാരവും കൂടാതെ ക്രിമിനൽ നടപടി ചട്ടപ്രകാരവും നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. ജില്ലാ പോലീസ് മേധാവിമാർ കുറ്റവാളികളുടെ ക്രിമിനൽ പശ്ചാത്തലം പരിശോധിച്ച് ആവശ്യമാണെന്ന് കാണുന്നവരുടെ പേരിൽ പോലീസ് സ്റ്റേഷൻ തലത്തിൽ ഹിസ്റ്ററി ഷീറ്റ് ആരംഭിച്ചിട്ടുണ്ട്. കുറ്റവാളികളെ അമർച്ച ചെയ്യുന്നതിന് നടപ്പിലാക്കിയ ഓപ്പറേഷൻ കാവൽ എന്ന പദ്ധതി വളരെ കാര്യക്ഷമമായി തന്നെ നടപ്പിലാക്കി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 30/01/2023 വരെ കാപ്പ നിയമ പ്രകാരം 339 പേരെയും PIT NDPS പ്രകാരം 5 പേരെയും കരുതൽ തടങ്കലിൽ ആക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ